## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3974** **06-08-2021 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവളം നിയോജകമണ്ഡലത്തിലെ പള്ളം മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിൽ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നിഷേധിക്കുന്നുവെന്നും ചില എജന്റുമാർ മുഖേന അപേക്ഷകൾ നൽകുന്നവർക്ക് അംഗത്വം നൽകുന്ന എന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിച്ച് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വം ഉറപ്പ് വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | പള്ളം ഫിഷറീസ് ഓഫീസിൽ ക്ഷേമനിധി അംഗത്വത്തിനായി പ്രതിവർഷം ലഭിക്കുന്ന ഏകദേശം 1000-ത്തോളം അപേക്ഷകൾ പ്രാദേശികമായി അന്വേഷണം നടത്തിയാണ് പള്ളം ഫിഷറീസ് ഓഫീസർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. കരട് പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ആക്ഷേപമുള്ളവർക്ക് 15 ദിവസത്തിനകം ഫിഷറീസ് ഓഫീസർക്ക് അപ്പീൽ നൽകാവുന്നതാണ്. അന്തിമ പട്ടികയിലും പേരില്ലാത്തവർക്ക് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ഏജന്റുമാർ മുഖേന അപേക്ഷകൾ വിതരണം ചെയ്യുകയോ, സ്വീകരിക്കുകയോ ചെയ്യാറില്ല. കൂടാതെ അംഗത്വ അപേക്ഷകളിൻമേൽ കൃത്യമായി അന്വേഷണം നടത്തി അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വം ഉറപ്പ വരുത്തുവാൻ വേണ്ട നിർദ്ദേശം പള്ളം ഫിഷറീസ് ഓഫീസർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ